(ബി) ഇവയിൽ പലതും അടിസ്ഥാന സൗകര്യങ്ങൾപോലുമില്ലാത്ത വയാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആൻറ് ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

സംസ്ഥാനത്തെ അംഗൻവാടി ജീവനക്കാർക്ക് ഓണറേറിയം

22 [2159] ശ്രീ. കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

സംസ്ഥാനത്തെ അംഗൻവാടി ജീവനക്കാർക്ക് ഓണറേറിയത്തിനു പകരം സർക്കാർ ജീവനക്കാർ എന്ന നിലയിൽ വേതന വ്യവസ്ഥ ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ. സി. ഡി. എസ്. പദ്ധതിയിലെ അംഗൻവാടി പ്രവർത്തകരെ ഗവൺമെൻറ് ജീവനക്കാരായി അംഗീകരിച്ചിട്ടില്ല. അംഗൻവാടി പ്രവർത്തകരുടെ സേവന വേതന വ്യവസ്ഥകൾ കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചു വരുന്ന നിർദ്ദേശങ്ങൾ അനുസരിച്ചാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നത്. ഇവരുടെ സേവന വേതന വ്യവസ്ഥകളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ച ഏകാംഗ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇത് പരിഗണനയിലാണ്.

ആറാട്ടുപുഴ, തൃക്കുന്നപുഴ പഞ്ചായത്തുകളിലെ അംഗൻവാടികളുടെ നവീകരണം

23 [2160] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിൽ ആറാട്ടുപുഴ, തൃക്കുന്നപുഴ പഞ്ചായത്തുകളിലെ അംഗൻവാടി കെട്ടിടങ്ങൾക്ക് ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ;

(ബി) അംഗൻവാടികളുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രവർത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്. സുനാമി ദുരന്തത്തിൽ ആറാട്ടുപുഴ പഞ്ചായത്തിലെ ഏഴ് അംഗൻവാടി കേന്ദ്രങ്ങളുടെ കെട്ടിടങ്ങൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly